## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട** **06.02.2020 ൽ മറുപടിക്ക്**

**ചോദ്യം നം. 116**

## മത്സ്യബന്ധനത്തിന് സാങ്കേതികവിദ്യയുടെ സഹായം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.മഞ്ഞളാംകഴി അലി**<br>**,, എൻ .എ.നെല്ലിക്കുന്ന്**<br>**,, സി.മമ്മൂട്ടി**<br>**,, എം. സി. കമറുദ്ദീൻ :** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | കടലിൽ മത്സ്യലഭ്യത കണ്ടെത്താനും കടലിന്റെ ആഴം അളക്കുന്നതിനും സഹായിക്കുന്ന ജി.പി.എസ്. ഉൾപ്പെട്ട സാങ്കേതിക ഉപകരണം മത്സ്യത്തൊഴിലാളികൾക്ക് നൽകുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ഇതിനാവശ്യമായ എന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദീകരിക്കുമോ? | (ബി) | 2017-18 സാമ്പത്തിക വർഷം 'ആഴക്കടൽ മത്സ്യബന്ധനവും കടൽ സുരക്ഷ ഉപകരണങ്ങളും' പദ്ധതി പ്രകാരം 66 ജി പി എസുകൾ, 66 എക്കോ സൗണ്ടറുകൾ എന്നിവ വിതരണം ചെയ്യുന്നതിന് ഭരണാനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ 66 ജി.പി.എസുകൾ മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. ടി പദ്ധതിയിലെ മറ്റൊരു ഘടകമായ എക്കോസൗണ്ടർ വിതരണം ചെയ്യുന്നതിനുള്ള ഇ-ടെണ്ടർ ക്ഷണിച്ചിരുന്നുവെങ്കിലും 2017-18 വർഷം ബിഡുകൾ ഒന്നും തന്നെ ലഭ്യമാകാത്തതിനാൽ 2018-19 സാമ്പത്തിക വർഷം വീണ്ടും ഇ- ടെണ്ടർ നടപടികൾ പുനരാരംഭിക്കുകയും ആയതിൽ ലഭ്യമായ ബിഡുകൾ ടെക്നിക്കൽ, ഫിനാൻഷ്യൽ എന്നീ കമ്മിറ്റികൾ പരിശോധിക്കുകയും എക്കോസൗണ്ടർ വാങ്ങുന്നതിനുള്ള തുക 2018-19 വർഷം ഇ-ലെഡ്ജറിൽ പോസ്റ്റ് ചെയ്യുകയും ചെയ്തു. വിതരണം നടത്തുന്നതിന് തെരഞ്ഞെടുത്ത |

| | | | |
|---|---|---|---|
| | | | സ്ഥാപനത്തിന് വിതരണ ഉത്തരവ് നൽകുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. 'കടൽ സുരക്ഷ' പദ്ധതിയിലുൾപ്പെടുത്തി 2018-19 സാമ്പത്തിക വർഷം 500 ജി പി എസുകൾ മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്യുന്നതിന് ഭരണാനുമതി നൽകിയതനുസരിച്ച് 500 ജി പി എസുകൾ 75% സബ്സിഡി നിരക്കിൽ മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ട് അതോടൊപ്പം നടപ്പ് സാമ്പത്തിക വർഷം (2019-20) 'Sea Safety Equipment to Traditional Fishing Crafts' പദ്ധതി പ്രകാരം 1500 ജി പി എസുകൾ മത്സ്യത്തൊഴിലാളികൾക്ക് 75% സബ്സിഡിയോടു കൂടി വിതരണം ചെയ്യുന്നതിനുള്ള ഭരണാനുമതി നൽകുകയും ആയത് വിതരണം ചെയ്യുന്നതിനുള്ള ഇ-ടെണ്ടർ നടപടികൾ സ്വീകരിച്ചു വരികയുമാണ്. |

**സെക്ഷൻ ഓഫീസർ**